200 (1804) കായികതാരങ്ങൾക്ക് ജോലി നൽകുന്ന പദ്ധതി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ കായികതാരങ്ങൾക്ക് ജോലി നൽകുന്ന പദ്ധതി എന്നാണ് ആരംഭിച്ചത്;

(ബി) ഈ പദ്ധതി അനുസരിച്ച് ഇതുവരെ എത്രപേർക്ക് നിയമനം നൽകി;

(സി) ഈ പദ്ധതി അനുസരിച്ച് അപേക്ഷ നൽകിയ എത്രപേർക്ക് ഇനി നിയമനം നൽകാനുണ്ട്;

(ഡി) ഇവർക്ക് നിയമനം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി 4.5.1985-ന് ആരംഭിച്ചു.

(ബി) 122 പേർക്ക് ജോലി നൽകിയിട്ടുണ്ട്.

(സി)&(ഡി) 1992 മുതൽ 1996 വരെയുള്ള 100 ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് 25.11.1998-ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തെ തുടർന്ന് ലഭിച്ച അപേക്ഷകളിന്മേലുള്ള അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

†(3) 27.12.1999-ലേക്ക് നിശ്ചയിച്ചിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ

201 (267) തൊഴിൽനികുതി വർദ്ധനവ്

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുശേഷം തൊഴിൽനികുതിയിൽ വന്ന വർദ്ധനവ് എത്ര ശതമാനമാണ്; വിശദമാക്കുമോ;

(ബി) തൊഴിൽനികുതി ഉദ്ദേശ്യം പത്തിരട്ടിയോളം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശമ്പളവർദ്ധനവ് വരുത്തിയപ്പോൾ ഗവൺമെന്റ് ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവർക്ക് നൽകേണ്ട വാടകയുടെ ശതമാനം കുറച്ചിട്ടുണ്ടോ; എങ്കിൽ തൊഴിൽ നികുതിയിലുണ്ടായ വർദ്ധനവിനും കുറവു വരുത്താൻ നടപടി സ്വീകരിക്കുമോ;

---

†അന്തരിച്ച മുൻ രാഷ്ട്രപതി ശങ്കർദയാൽശർമ്മയോടുള്ള ആദരസൂചകമായി 27.12.1999-ന് നടപടികളിലേക്ക് കടക്കാതെ സഭ പിരിഞ്ഞതിനാൽ അന്നേക്ക് നിശ്ചയിച്ചിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ നക്ഷത്രചിഹ്നമിടാത്ത ഉത്തരങ്ങൾ എന്ന നിലയിൽ ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തൊഴിൽനികുതി സംബന്ധമായി ഏതെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) തൊഴിൽനികുതി വർദ്ധിപ്പിക്കുന്നതിനു മുമ്പ് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകൾക്ക് ഈ ഇനത്തിൽ എന്തു തുക ലഭിച്ചിരുന്നു;

(എഫ്) ശമ്പള പരിഷ്കരണത്തിനുശേഷം പ്രസ്തുത കോർപ്പറേഷനുകൾക്ക് തൊഴിൽനികുതി ഇനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര?

ഉത്തരം

(എ) തൊഴിൽനികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം പ്രതിമാസം അടിസ്ഥാനശമ്പളം സ്പെഷ്യൽ പേ+ബോണസ്+മറ്റു വരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് തൊഴിൽനികുതി നിശ്ചയിച്ചിക്കുന്നത്. എന്നാൽ പഞ്ചായത്തുകളിൽ വരുമാനം കണക്കാക്കുന്നതിന് ക്ഷാമബത്തകൂടി കണക്കിലെടുക്കുന്നുണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് നിലവിൽ വന്നതോടെ മുനിസിപ്പൽ പ്രദേശങ്ങളിലും തൊഴിൽനികുതി കണക്കാക്കുന്നതിന് വരുമാനത്തിൽ ക്ഷാമബത്ത ഉൾപ്പെടുത്തുകയുണ്ടായി. ശമ്പള പരിഷ്കരണത്തെ തുടർന്ന് വരുമാനത്തിൽ വർദ്ധനവുണ്ടായപ്പോൾ തൊഴിൽനികുതിയിൽ വർദ്ധനവുണ്ടായി. തൊഴിൽനികുതിയുടെ ഘടനയിലോ സ്ലാബിലോ ഇക്കാലയളവിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. വരുമാനത്തിനനുസൃതമായ വർദ്ധനവേ ഉണ്ടായിട്ടുള്ളൂ.

(ബി) വരുമാനത്തിനനുസൃതമായ വർദ്ധന ഉണ്ടായിട്ടുണ്ട്.

(സി) ശമ്പളവർദ്ധനവിനനുസൃതമായി ഗവൺമെന്റ് ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവർ നൽകേണ്ട വാടകയുടെ വരുമാനത്തിൽ കുറവു വരുത്തിയിട്ടുണ്ട്. തൊഴിൽനികുതി ശമ്പളപരിഷ്കരണവുമായി ബന്ധപ്പെടുത്തിയല്ല ഈടാക്കുന്നത്.

(ഡി) കൊച്ചി കോർപ്പറേഷൻ തൊഴിൽനികുതി ചുമത്തിയതിനെതിരെ ജേക്കബ്. ജെ. ഇല്ലിക്കൽ, ഇല്ലിക്കൽ ആന്റ് കമ്പനി എറണാകുളം ഒ.പി. 30935/99 നമ്പരായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(ഇ) 1997-98 കാലഘട്ടത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകൾക്ക് യഥാക്രമം 65 ലക്ഷം, 1,14,42,160/- രൂപ, 25,40,000/- രൂപ വീതം തൊഴിൽനികുതി ലഭിച്ചിരുന്നു.

(എഫ്) 1998-99-ൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകൾക്ക് തൊഴിൽനികുതി ഇനത്തിലുള്ള വരുമാനം താഴെപ്പറയും പ്രകാരമാണ്.

തിരുവനന്തപുരം : 1,37,00.000/-

കൊച്ചി : 1,25,45,197/-

കോഴിക്കോട് : 45,00.000/-

LIBRARY ARCHIVES Kerala Legislative Assembly